സി.ജി(2)**12001/2009**. സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. **18.04.2012**

**Email : keralarcs@coop.kerala.gov.in**
**Website : www.cooperation.kerala.gov.in**

**Tel No. 0471 2330726**

## സർക്കുലർ നമ്പർ 17/12

വിഷയം :– സഹകരണ വകുപ്പ് – പട്ടികജാതി/പട്ടികവർഗ്ഗ/പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങളുടെ വായ്പ എഴുതിതള്ളലും കടാശ്വാസവും പദ്ധതി – കാലാവധി ദീർഘിപ്പിക്കുന്നത് – മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന : –
1. 12–11–2009–ലെ സ.ഉ. (അച്ചടി) 100/09/പജ.പവ.വിവ നമ്പർ ഉത്തരവ്.
2. 6–7–2010–ലെ സ.ഉ(എം.എസ്) 81/2010/പജ.പവ.വിവ നമ്പർ ഉത്തരവ്.
3. 6–11–2010–ലെ സ.ഉ. (സാധാ) 1095/2010/പജ.പവ.വിവ നമ്പർ ഉത്തരവ്.
4. 22–8–2011–ലെ സ.ഉ. (കൈ) 86/2011//പജ.പവ.വിവ നമ്പർ ഉത്തരവ്.
5. സഹകരണ സംഘം രജിസ്ട്രാറുടെ 61/09, 41/10, 59/10, 67/11 നമ്പർ സർക്കുലറുകൾ.
6. **28.3.12** ലെ സ.ഉ.(സാധാ)561/12/പജപവവിവ നമ്പർ ഉത്തരവ്.

സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും പട്ടികജാതി/പട്ടികവർഗ്ഗ/പരിവർത്തിത ക്രൈസ്തവർ എടുത്തിരുന്നതും 31–3–2006–ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വായ്പകൾക്ക് ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദേശങ്ങൾ പരാമർശം 1,2,3,4 എന്നിവയുടെ അടിസ്ഥാനത്തിൽ പരാമർശം 5 പ്രകാരം സഹകരണ സംഘം രജിസ്ട്രാർ നൽകിയിരുന്നു. ടി വായ്പകൾക്ക് ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച് പരാമർശം (6) ഉത്തരവിലെ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ചുവടെ പരാമർശിക്കുന്ന പുതുക്കിയ മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

ആനുകൂല്യ അർഹത ഉറപ്പുവരുത്തുന്നതിന് വായ്പക്കാരൻ ജാതി/വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ട സമയപരിധിയും, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം വായ്പക്കാരൻ അടയ്ക്കേണ്ട വിഹിതം (മുതൽ) അടയ്ക്കേണ്ട സമയപരിധിയും 30–6–2012 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

പരാമർശം 1,2,3,4,5 ഉത്തരവുകളിലെ/സർക്കുലറുകളിലെ മറ്റ് നിബന്ധനകൾക്ക് മാറ്റമില്ല.

സംഘം/ബാങ്ക് ഭരണസമിതി സാക്ഷ്യപ്പെടുത്തിയ ആനുകൂല്യപട്ടിക 5–7–2012–ന് മുൻപായി ബന്ധപ്പെട്ട താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ(ആഡിറ്റ്)ന് സമർപ്പിക്കേണ്ടതും, ടിയാൻ പ്രീ–ആഡിറ്റ് പരിശോധനകൾക്ക്ശേഷം പട്ടികകൾ ജില്ലാ

ജോയിന്റ് ഡയറക്ടർ(ആഡിറ്റിന്) 10–7–2012–നകം സമർപ്പിക്കേണ്ടതുമാണ്. ജില്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) അർഹത ഉറപ്പ് വരുത്തിയശേഷം പട്ടികകൾ തുടർപരിശോധനയ്ക്ക് സൂക്ഷിക്കുന്നതിനായി ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)ന് 15–7–2012–നകം നൽകേണ്ടതുമാണ്.

ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) ആനുകൂല്യ പട്ടികകളുടെ അർഹത ഉറപ്പുവരുത്തി ഓരോ സംഘത്തിനും/ബാങ്കിനും ആനുകൂല്യമായി ലഭിക്കേണ്ട വായ്പകളുടെ എണ്ണവും, തുകയും അടങ്ങിയ സംക്ഷിപ്തം പ്രത്യേകം പ്രത്യേകം തയ്യാറാക്കിയത് (12 പ്രൊഫോർമകളിലായി) 20–7–2012–ന് മുൻപായി ടിയാന്റെ ശുപാർശയോടെ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്.

ആനുകൂല്യത്തിന് അർഹതയുള്ള ആരും പട്ടികയിൽ നിന്നും ഒഴിവായിട്ടില്ലായെന്ന് ബന്ധപ്പെട്ട സംഘം/ബാങ്ക് ഭരണ സമിതിയും, വകുപ്പുതല ഉദ്യോഗസ്ഥന്മാരും ഉറപ്പാക്കേണ്ടതുമാണ്.

ടി നിർദേശം സഹകരണ സംഘങ്ങളുടേയും/ബാങ്കുകളുടേയും ശ്രദ്ധയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അടിയന്തിരമായി കൊണ്ടുവരേണ്ടതാണ്.

ഒപ്പ്
സഹകരണ സംഘം രജിസ്ട്രാറുടെ ചുമതല
വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ(ക്രെഡിറ്റ്)